File No.SJD/1604/2020-C3

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: ഷീബ ജോർജ് ഐ എ എസ് )

ഉത്തരവ് നം. SJD/1604/2020-C3

തിരുവനന്തപുരം,
തീയതി. 21/05/2020

---

വിഷയം: സമൂഹ്യനീതി വകുപ്പ് - കരാർ വാഹനങ്ങളുടെ പ്രതിമാസ വാടക തുക അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :
1. ഈ കാര്യാലയത്തിലെ 30/3/2020 ലെ ഇതേ നമ്പർ കത്ത്
2. തൃശ്ശൂർ , കണ്ണൂർ , കൊല്ലം ജില്ല സമൂഹ്യനീതി ഓഫീസിർമാരുടെയും തൃശൂർ , ഇടുക്കി ജില്ല പ്രൊബേഷൻ ഓഫീസിർമാരുടെയും കത്തുകൾ

സാമുഹ്യനീതി വകുപ്പിലെ കീഴ്കര്യാലയങ്ങളിൽ 2019-20 സാമ്പത്തികവർഷം വാടകയ്ക്ക് എടുത്തുപയോഗിച്ചുകൊണ്ടിരുന്ന കരാർ വാഹനങ്ങൾ നിലവിലെ വാടക നിരക്കിൽ മാറ്റമില്ലാതെ 31/05/2020 വരെ തുടർന്നും ഉപയോഗിക്കുന്നതിനു പരാമർശം 1 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഇതിൻ പ്രകാരം തൃശൂർ, കണ്ണൂർ, കൊല്ലം ജില്ല സമുഹ്യനീതി ഓഫീസർമാരും തൃശൂർ, ഇടുക്കി പ്രൊബേഷൻ ഓഫീസർമാരും മാർച്ച് മുതൽ മെയ് വരെ ഉള്ള കാലത്തേ വിവിധ മാസങ്ങളിലെ വാടക തുക അനുവദിച്ചു നൽകാൻ സൂചന 2 പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ തൃശൂർ, കണ്ണൂർ, കൊല്ലം ജില്ല സമുഹ്യനീതി ഓഫീസർമാർക്കും തൃശൂർ, ഇടുക്കി പ്രൊബേഷൻ ഓഫീസർമാർക്കും അവർ ആവശ്യപ്പെട്ട രീതിയിൽ കരാർ വാഹന വാടക ഇനത്തിൽ താഴെ പറയും പ്രകാരം ആകെ **3,00,694/- രൂപ (മൂന്നു ലക്ഷത്തി അറുന്നൂറ്റിതൊണ്ണൂറ്റി നാല് രൂപ മാത്രം ) അനുവദിച്ചു ഉത്തരവാകുന്നു .**

| ക്രമ നം | ഓഫീസിന്റെ പേര് | ഏതു മാസത്തേക്കുള്ള തുക എന്ന വിവരം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | ജില്ല സമുഹ്യനീതി ഓഫീസ്, തൃശൂർ | 2020 ഏപ്രിൽ, മെയ് | **53800/-** |
| 2 | ജില്ല സമുഹ്യനീതി ഓഫീസ്, കണ്ണൂർ | 2020 മാർച്ച്, ഏപ്രിൽ, മെയ് | **69000/-** |

File No.SJD/1604/2020-C3

| | | | |
|---|---|---|---|
| 3 | ജില്ല സമൂഹ്യനീതി ഓഫീസ്, കൊല്ലം | 2020 ഏപ്രിൽ, മെയ് | 53670/- |
| 4 | പ്രൊബേഷൻ ഓഫീസ്, തൃശൂർ | 2020 മാർച്ച്, ഏപ്രിൽ, മെയ് | 78000/- |
| 5 | പ്രൊബേഷൻ ഓഫീസ്, ഇടുക്കി | 2020 മാർച്ച്, ഏപ്രിൽ | 46224/- |
| | **ആകെ** | | **3,00,694** |

ഇതിലെക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-001-96 പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

പകർപ്പ് :

1. തൃശ്ശൂർ, കണ്ണൂർ, കൊല്ലം ജില്ല സമൂഹ്യനീതി ഓഫീസർമാർക്കും
2. തൃശ്ശൂർ ,ഇടുക്കി പ്രൊബേഷൻ ഓഫീസർമാർക്കും
3.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്